പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 2350 | 14/06/2019 ൽ<br>മറുപടിക്ക് |

**കെ.എസ്.ഡി.പി.യെ ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കെ.എസ്.ഡി.പി.യെ സംരക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും ആവിഷ്കരിച്ച പദ്ധതികളുടെയും സ്വീകരിച്ച നടപടികളുടെയും വിശദവിവരം ലഭ്യമാക്കുമോ? | എ) | കെ.എസ്.ഡി.പി.യെ സംരക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2009-ൽ കെ.എസ്.ഡി.പി.യുടെ പുനരുദ്ധാരണത്തിന് വേണ്ടി വിശദമായ പദ്ധതിയ്ക്ക് രൂപരേഖ തയ്യാറാക്കുകയും അതിന്റെ ആദ്യത്തെ ഘട്ടം എന്ന നിലയിൽ 10.50 കോടി രൂപ മുതൽമുടക്കിൽ നിർമ്മിച്ച ബീറ്റാലാക്ടം പ്ലാന്റ് പ്രവർത്തനക്ഷമമായിട്ടുണ്ട്.<br>2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നോൺബീറ്റാലാക്ടം പ്ലാന്റിന് 18.15 കോടി രൂപയും അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് 10 കോടി രൂപയും വകയിരുത്തിയതിൽ മൊത്തം തുകയായ 28.15 കോടി രൂപയും റിലീസ് ചെയ്തു നൽകി.<br>9.89 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിച്ച പുതിയ ഡ്രൈ പൗഡർ ഇഞ്ചക്ഷൻ പ്ലാന്റ് വഴി ആന്റിബയോട്ടിക് ഇഞ്ചക്ഷൻ മരുന്നുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. ഈ പ്ലാന്റിൽ നിലവിൽ 22 ഇനം മരുന്നുകളുടെ ലൈസൻസ് ലഭിച്ചിട്ടുണ്ട്.<br>2018-19 കാലയളവിൽ കമ്പനിയ്ക്ക് ഇന്നുവരെയുള്ള ഏറ്റവും ഉയർന്ന ഉല്പാദനമായ 58.37 കോടി രൂപയും, വില്പനയ്ക്ക് 55.01 കോടി രൂപയും, 2.75 കോടി (പ്രൊവിഷണൽ) രൂപയുടെ ലാഭവും കൈവരിക്കാൻ സാധിച്ചു. കുത്തിവയ്പ്പ് മരുന്ന് ഉല്പാദിപ്പിക്കുന്നതിനായി 50 കോടി രൂപ മുതൽ മുടക്കിൽ ആരംഭിക്കാൻ പോകുന്ന LVP/SVP പ്ലാന്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ